# ജി.എച്ച്.എസ്.എസ്. കക്കാട്ട്

SCHOOL MAGAZINENNE

# വാനത്തോളം



| |
|---|
| ജില്ല |
| കാസർഗോഡ് |
| വിദ്യാഭ്യാസജില്ല |
| കാഞ്ഞങ്ങാട് |
| ഉപജില്ല |
| ഹൊസ്ദുർഗ് |
| പ്രഥമാധ്യാപകൻ |
| മനോജ് കുമാർ എം |
| |

## സ്കൂളിന്റെ ചരിത്രം

മടിക്കൈഗ്രാമപഞ്ചായത്തിലെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കക്കാട്ട്. ബാസൽ മിഷൻ എന്ന ജർമൻ മിഷണറി സംഘം 1954-ൽ സ്ഥാപിച്ച ഈ വിദ്യാലയം കാസർഗോഡ് ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്. 1954ൽ ഒരു എകാധ്യപക ലോവർ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ആദ്യ പ്രധാന അദ്ധ്യാപിക ശ്രീമതി ദേവകി. 1981-ൽ ഇതൊരു യു.പി സ്കൂളായി. 1990-ൽ ഹൈസ്കൂളായും 1998-ൽ ഹയർ സെക്കണ്ടറിയയി ഉയർത്തപ്പെട്ടു. ഹൈസ്കൂളിന്റെ ആദ്യ പ്രധാന അദ്ധ്യാപകനായ ശ്രീ പി വിജയന്റെ രൂപകല്പനയിലും മേൽനോട്ടത്തിലും വിദ്യാലയത്തിന്റെ പ്രധാന കെട്ടിടം നിർമിക്കപ്പെട്ടു. രണ്ടായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയം കാസർഗോഡ് ജില്ലയിൽ 2024 ലെമോഡൽ സ്കൂളായി തിരഞ്ഞെടുത്ത സ്കൂൾ ആണ് .

# ആമുഖം

ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ നമ്മുടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സർഗാത്മകതയുടെ തെളിവാണ്. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ ഈ "മാനത്തോളം" എന്ന മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു.

ജി.എച്ച്.എസ്.എസ്. കക്കാട്ട്







# ഞങ്ങളുടെ സാരഥികൾ




പ്രിൻസിപ്പൽ
ശ്രീമതി. സുചിന ലക്ഷ്മി



ഹെഡ്മാസ്റ്റർ
ശ്രീ. മനോജ് കുമാർ എം



പി.ടി.എ പ്രസിഡന്റ്
ശ്രീ. രാമകൃഷ്ണൻ പി.വി.



എസ്.എം.സി ചെയർമാൻ
ശ്രീ.ഗോപാലകൃഷ്ണൻ



മദർ പി.ടി.എ പ്രസിഡന്റ്
ശാന്തിനി പി.

# ആശംസ



ഹെഡ്മാസ്റ്റർ ശ്രീ. മനോജ് കുമാർ എം

2022-25 വർഷത്തെ ലിറ്റിൽ കൈറ്റ് മാഗസിൻ എന്റെ സ്കൂളിലെ കുട്ടികൾ വളരെയധികം താത്പര്യത്തോടെയും സത്യസന്ധതയോടെയും ഉത്തരവാദിത്തത്തോടെയും ചെയ്തിട്ടുണ്ട് എന്ന കണ്ടതിൽ ഏറെ സന്തോഷം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് ഭാവിയിൽ ഒരുപാട് ഉപയോഗപ്രദമാണ് എന്നതിന് യാതൊരു സംശയവുമില്ല. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉണ്ടാക്കിയ ഈ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാ കുട്ടികൾക്കും അധ്യാപകർക്കും എല്ലാവിധ ആശംസകളും നേരുന്നു. ഇനിയും ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താൻ കഴിയട്ടെ എന്ന ആശംസിക്കുന്നു.

## ഉള്ളടക്കപ്പട്ടിക


ഒറ്റയ്ക്കൊരാൾ കൂടെ പുസ്തകവും........1
ഒറ്റയ്ക്കൊരാൾ........2
എന്റെ കുട്ടികാലം........4
വീണ്ടും കാണാം........5
മരങ്ങൾ മഴയോട് ചോദിച്ചത്........6
ഇന്റർനെറ്റ് എന്ന മഹാമാരിയോട് വിട........7
വായനയുടെ ലോകം സമാധാനങ്ങൾ കയ്യേറുമ്പോൾ........9
ഉച്ച മഴ........10
യാത്രാമൊഴി........11
പൊന്നോണം........13
യുവത്വം........14
വെളിച്ചം........15
വായനയുെട സ്വർഗ്ഗം........16
വായനയുടെ ലോകം സമൂഹമാധ്യമങ്ങൾ കയ്യേറുമ്പോൾ........17
മറന്നുപോയ സിംഫണി........18
ആരറിയുന്നു........21
പ്രകൃതിയുടെ മധുരം (The Sweetness of Nature)........22
സ്കൂളിന്റെ ചരിത്രം........24
ആശംസ........25
ലിറ്റിൽ കൈറ്റ് അംഗങ്ങൾ........27

# ഒറ്റയ്ക്കൊരാൾ കൂടെ പുസ്തകവും

പണ്ട്...പണ്ട്... ഒരു മലഞ്ചരുവിൽ ഒരുപഴയ ഓടിട്ട വീട്. ജനാലകളൊന്നുമില്ലാത്ത ഒരു ഭയാനകമായ ഒരു വീട്. മാറാലകളും കൊണ്ട് മൂടിയ ആ വീട്ടിൽ ഒരു വയസ്സൻ താടിയും മുടിയും വളർത്തി ഒരു പ്രാന്തനെ പോലെ. അയാൾക് ഭ്രാന്തായിരുന്നു പുസ്തകത്തോടുള്ള ഭ്രാന്ത്. ആ വീട്ടിൽ എവിടെ നോക്കിയാലും ഒരു പുസ്തകമുണ്ടാകും. ജനിച്ചയുടനെ ആ വയസ്സിന്റെ മാതാപിതാക്കൾ അവനെ വിട്ടുപിരിഞ്ഞു. ഒരു ഓർഫണെജിലായിരുന്നു ജീവിതം അവിടെ നിന്നാണ് പുസ്തകം എന്ന മഹാസഗരത്തെ അവൻ കാണുന്നതും വായ്ക്കുന്നതും. പിന്നെ അവൻ പിന്നെ പുസ്തകത്തിന്റെ മഴവാലയത്തിൽ ലയിച്ചു. കൂട്ടുകാരോപ്പം കളിക്കാതെയവൻ ഒറ്റയ്ക്ക് മാത്രം ഇരുന്ന് വായ്ക്കുന്നകണ്ട് കൂട്ടുകാർ അവനെ കളിയാക്കി ആ ദിവസം രാത്രി അവൻ അവന്റെ കൂട്ടുകാരനെ കത്തി കൊണ്ട് കുത്തി കൊലപ്പെടുത്തി പോലീസ് അവനെ ചോദ്യം ചെയ്തപ്പോൾ എന്തിന് കൊന്നു എന്ന് ചോദിച്ചപ്പോൾ "താൻ വായ്ക്കുന്ന പുസ്തകത്തിനെയും അതിലെ ആൾക്കാരെയും കളിയാക്കി"... എന്ന മറുപടിയായിരുന്നു അവർക് ലഭിച്ചത്. അതുകഴിഞ്ഞു അവൻ 16-വർഷം ജെയിലിൽ കഴിഞ്ഞു. അപ്പോഴും അവൻ അവിടെ നിന്ന് വായ്ക്കാൻ കഴിയുന്ന പരമാവതി പുസ്തകം വായിച്ചു അവിടെ ഉള്ളവർക്കാർക്കും ഇവനെ ഇഷ്ടമല്ലായിരിന്നു. ജെയിൽ ശിക്ഷ കഴിഞ്ഞ് വന്ന അവനെ താൻ വളർന്ന ഓർഫണേജിലെ കയറ്റിയില്ല. അനാഥനായ അവന് ഒരു ആനകൂല്യങ്ങളും കിട്ടിയില്ല.

അവസാനം ആർക്കും വേണ്ടാത്ത ഒരു പഴകി പൊളിഞ്ഞ വീട് അവൻ കണ്ടുപിടിച്ച് അവൻ അതിൽ താമസം തുടങ്ങി ഇങ്ങനെയാണ് ആരോരുമില്ലാ ആ വയസ്സൻ ഈ വീട്ടിലേക്ക് എത്തിയത്. വീട്ടിലെ പലചരക്ക് ആവിശ്യത്തിനും പുസ്തകവും മേണിക്കാൻ മാത്രം അദ്ദേഹം വീട്ടിൽ നിന്ന് പുറത്തിറങ്ങും പായസെയ്ക്കുവേണ്ടി ആക്രി പാറുക്കികൊടുത്ത് കാശുവാങ്ങും. അങ്ങനെ ഒരു നാൾ ഒരു പുസ്തകം വായ്ക്കുമ്പോൾ 50-രൂപ നോട്ട് കിട്ടി അത് അയാളുടെ ശ്രദ്ധയിൽ പെട്ടു അത് എടുത്ത് അയാൾ പുറത്ത് പോയപ്പോൾ ഒരു ലോട്ടറിവാങ്ങി അതിന് ഒരു-ലക്ഷം രൂപ അടിച്ചു. ആ പൈസ ഉപയോഗിച്ച് അയാൾ പുസ്തകങ്ങൾ എഴുതി പബ്ലിഷ് ചെയ്തു അങ്ങനെ ഒരു പാട് പുസ്തകങ്ങൾ എഴുതിയ അദ്ദേഹം ഒരു വായനശാലകളും പണിത് അദ്ദേഹം ഒരു ദിവസം യാത്രയായ് മരിക്കുന്നതിനിമുമ്പ് അദ്ദേഹം അദ്ദേഹത്തിന്റെ പേരെഴുതി അദ്ദേഹത്തിന്റെ പേര് കൃഷ്ണനാർ. അദ്ദേഹത്തിന്റെ ഓർമയ്ക്ക് വേണ്ടി അദ്ദേഹത്തിന്റെ വീട് വായനശാലയാക്കി പണിതു.അങ്ങനെ അദ്ദേഹത്തിന്റെ എല്ലാവരും സ്നേഹിച്ചുതുടങ്ങി.

# ഒറ്റയ്ക്കൊരാൾ

ഒറ്റയ്ക്ക് വീട്ടിലിരുന്ന് അവൻ മടി തോന്നി. എവിടെയും ഒരു നിശബ്ദത. ഓരോച്ചയും അനക്കവും ഇല്ലാത്ത വീട്. പേമാരിപേയത് തണുത്തുറഞ്ഞ വരാന്തയുടെ തിണ്ണയിൽ അവൻ കാലുറപ്പിച്ചു നടന്നു. എന്നിട്ടും തൃപ്തിയായില്ലെന്നോണം തൊടിയിലേക്കിറങ്ങി. തള്ളിതകർന്ന എഞ്ചിന്റെ പണി ഇപ്പോകഴിയും എന്നറിയാതെ നൽകുന്ന ഒരു കാർ മുറത്തുണ്ട്. തൊടിയിലെ മണ്ണിൽ പൂഴ്ന്ന് കിടക്കാൻ അവൻ ആശ തോന്നി.തന്റെ അമ്മയും അച്ഛനെയും പുതച്ചിട്ട മണ്ണ്! അതു നോക്കി അവൻ പുഞ്ചിരിച്ചു. തീർത്താൽ തീരാത്ത വൈരാഗ്യതോടെ തൂമ്പായെടുത് അവൻ ആ മണ്ണിൽ ആഞ്ഞു വെട്ടി. വീണ്ടും വീണ്ടും കോപം തീരത്തെ വെട്ടി. അവന്റെ കൈകൾ കുഴയുംവരെ ആ പ്രവർത്തി തുടർന്നു. അവന്റെ നെറ്റിയിൽ നിന്ന് വിയർപ്പ് പൊടിഞ്ഞുകൈകൾ തണുത്തുമരവിച്ചു. മറ്റൊരു പേമാരിയുടെ ലക്ഷണങ്ങൾ വിണ്ണിൽ അവൻ കണ്ടു. ചാറ്റൽ മഴ പെയ്തു തുടങ്ങി. ഇടിവെട്ടിപെയ്യുന്ന മഴ. നിശബ്ദതതയെ കീറിമുറിച്ചു കൊണ്ട് ദലമര്മലങ്ങൾ മഴയും വിലസി. അവന്റെ മനസ്സിൽ ആശ്വാസത്തിന്റെ ചെടികൾ മുളച്ചു. അവൻ ചാറുകസാരയിൽ ചാരികിടന്നു. അവന്റെ അരികിലിരുന്ന റേഡിയോയിൽ പാട്ട് വെച്ചു. ഗാനം ആസ്വദിച്ചുകൊണ്ട് അവൻ മൂളിപ്പാട്ടു പാടി. പെട്ടന്ന് ആരോവിളിച്ചപോലെ അവൻ തോന്നി. അതാ കോഴിക്കോടിലെ ജമാലുദ്ധീൻ അവന്റെ അടുക്കൽ ചെന്ന് അവർ കുശലം പറഞ്ഞു. അവൻ ഞെട്ടിയുണർന്നു. താനിതു കണ്ടത് സ്വപ്നം മാത്രമായിരുന്നുവെന്ന് അവന മനസിലായി. റേഡിയോയുടെ ഓഫ് സ്വിച്ചിൽ വിരലമർത്തികൊണ്ട് അവൻ പുറത്തേക്ക് നടന്നു. സൂര്യൻ വെട്ടിത്തിളങ്ങുന്നു. തൊടിലേക്ക് നടക്കുമ്പോൾ അവന്റെ മനസ് ഏകന്തതയാൽ വിങ്ങിപോറ്റുകയായിരുന്നു. അമ്മയുടെയും അച്ഛന്റെയും ശബ്ദം കേൾക്കാൻ അവന്റെ മനസ് കൊതിച്ചു. പക്ഷിപ്മൃഗതികളുടെ ശബ്ദം കേൾക്കുന്നതുതന്നെ അവന ദുസ്സഹമായി തോന്നി. മാതാപിതാക്കളുടെ കുഴിമാഡത്തിൽ പ്രവർത്തിക്കുമ്പോളും അവന്റെ മനസ്സിൽ നിസ്സഹായത നിറഞ്ഞു. അന്യോന്യം കാണാനും സംസാരിക്കാനും ആരുമില്ലാതെ ഏകന്തതയാർന്ന ജീവിതം അവൻ മടുത്തു. മണ്ണിൽ പൂഴ്ണുകിടക്കേണ്ട സമയമായെന്ന ചിന്തഅവനിൽ വിരിഞ്ഞു. എന്നാൽ തന്റെ പിൻഗാമികളെ കുറിച്ചോർത്തു അടുത്ത തലമുറയെ തനിക്ക് സൃഷ്ടിക്കാൻ കഴിയില്ലല്ലോ എന്നത് ഓർത്ത് ആ മനോചിന്തയെ അവൻ സ്വയം വിചെധിച്ചു. അന്നുരാത്രി താരകങ്ങളുടെ ഭംഗിനോക്കി അവൻ നിന്നു. താനും അതിലൊരു നക്ഷത്രമാകും രാത്രി പകലിനെ കീഴടക്കി മാതാപിതാക്കളുടെ അരികിലെത്താൻ അവൻ ആഗ്രഹിച്ചു. പക്ഷെ,തനിക്കെന്തുകൊണ്ട് ഈ ഏകാന്താ ജീവിതം വിട്ട് മറ്റൊരു പ്രദേശത്തേക്ക് പൊയ്ക്കൂടാ എന്നാ ആശയം

**അവനെ അലട്ടി എന്നാൽ അവന് സമ്മതിയാപ്തമായി തോന്നിയത് അത്യത്തേതായിരുന്നു അടുത്തദിവസം അവൻ എല്ലാത്തിനോടും കീഴടക്കി. മണ്ണിൽ പുതഞ്ഞു മാതാപിതാക്കളുടെ കൂടെ മാനത്തെ വെൺ തരംഗമായി അവൻ തിളങ്ങി. അവൻ മരണം വരിച്ചു. അവന്റെ പേര് ഇതുവരെ മാഞ്ഞിട്ടില്ല. അവന്റെ പേര്.....**

**ജീവിതത്തിന്റെ ആഴങ്ങളിൽ അവന്റെ പേരുണ്ട്. മരണത്തെ ധീരമായി കീഴടക്കിയ ആ മനുഷ്യന്റെ പേര്.....മനുഷ്യ ജീവിതം എന്നു തന്നെ മനുഷ്യജീവിതത്തിന്റെ ഏകാന്തതകൾക്കെതിരെ പോരാടാം. ഇരുളടഞ്ഞ ജീവിതത്തിൽ പരിശ്രമത്തിന്റെ പ്രകശത്താൽ വിധി കണ്ടെത്താം. എല്ലാം നല്ലതിന്.**

# എന്റെ കുട്ടികാലം

മുറ്റത്തെ തൈമാവിൻ ചോട്ടിൽ
ഞാനന്നു മണ്ണപ്പം ചുട്ടുകളിച്ചതല്ലേ --
കൂട്ടരുമൊത്തു
കണ്ണാരം പൊത്തികളിച്ചത് ഞാനിന്നുമോർത്തുപോയി
തൊടിയിലെ വെള്ളത്തിൽ
തോണി ഇറക്കീട്ടു
മഴയത്തു ചാടിക്കളിച്ചതല്ലേ
കാണാമറയത്തു ഞാനും ഒളിച്ചപ്പോൾ
കൂട്ടുകാർകൂടി പിടിച്ചതല്ലേ
മുട്ടൻ വടികൊണ്ട് എത്രകിട്ടീട്ടും
പിന്നെയും മഴയത്തിറങ്ങിയില്ലേ....
പുഞ്ചവയലിൽ ഞാറുനടുന്നേരം
ഞാനുമതിൽ മുഴങ്ങിയല്ലോ
മുട്ടോളം ചെളിയിൽ ഞാൻ തുള്ളികളിച്ചപ്പോൾ
അടി എത്ര കിട്ടിയെന്നൊർമയില്ല
വാശിപിടിച്ചു കരഞ്ഞപ്പോൾ
എന്നെ ഞാറും നാടുവാൻ കൂട്ടിയല്ലോ......
പടവരമ്പത്തു കൈപിടിച്ചെന്നെ
യൊരുപാട് ദൂരം നടത്തിയതും
ഈറനുടുപ്പിലെ ചെളി മാറ്റിയെല്ലാം
കഴുകിതുടച്ചതും ഓർത്തുപോയി
ഞാനും കൂടെ വരുവാൻ കൊതിക്കുന്നു
എന്നെയും കൂട്ടിനു കൊണ്ടുപോവു
കണ്ണീരളിഞ്ഞില്ല ഞാനന്റെ
നൊമ്പരം ഉള്ളിലൊതുക്കി തനിച്ചിരിക്കുന്നു....

# വീണ്ടും കാണാം

ലോകത്തെ മുഴുവനും
കൈപിടിയിലൊതുക്കിയ
മഹാമാരിയാണു നീ
നിന്നെ ചികിത്സിക്കാൻ
ലോകത്തെവിടെയായാലും അകില്ലാ......
മനുഷ്യ മനസ്സിനെ തകർത്ത നീ
ഇന്ന് വെറുതെ അവിടം
പ്രപഞ്ചത്തിൽ
അലയുന്നു
ഉഷസിന്റെ മോഹം
അതിജീവിക്കുകയും ......
അതിജീവിച്ച് നിന്നോട്
പൊരുതുവാൻ കഴിഞ്ഞിടാം
എന്നുള്ളിലേക്ക് എപ്പോഴും
നീചയായി തോന്നിയും
നിന്നോടുള്ള മത്സരം വെടിഞ്ഞ
എന്നുടെ വാക്കുകൾ നീ സൂക്ഷിച്ചു കൊള്ളൂ
നിന്നെ ഒരുപക്ഷേ
ചികിത്സിച്ച് ബോധമാക്കിയിന്നും
പ്രാർഥന സ്വായത്തമാക്കിലും
എന്തിനു നന്റെയീ ക്രൂരത
നിന്നെ സൃഷ്ടിച്ച ആളുടെ ശിഷ്യനാണ്
നീ മയങ്ങുന്നു
നീ നിന്റെ രോഗത്തിനെ ഭയമാക്കുന്നു
നിന്നോട് പൊരുതി ജയിക്കാൻ മാലാഖമാരായ
ആശുപത്രി സംഘടനയെ
എതിർത്ത് മറികടക്കാൻ
നിനക്ക് ആകില്ല
ഇനിയും വരും നിന്നോട് പൊരുതുവാൻ

# മരങ്ങൾ മഴയോട്
# ചോദിച്ചത്

പ്രിയേ..... ഇനി നീ എന്നു വരും?

ഞാൻ നിനക്കായ് കാത്തു നിൽക്കുന്നു പ്രിയേ.....

ഇനി നീ എന്നു വരും?

എൻ മനസ്സ് നിനക്കായ് കാത്തു നിൽക്കുന്നു
ഇനിയും നീ വരുമെന്ന് എൻ മനസ്സ് പറയുന്നു
എൻ മോഹം നീ സഫലമാക്കു പ്രിയതമേ

ഇനിയും നീ വരുമോ?

നിന്നെ കാണാൻ എൻ മനസ്സ് വിമ്പുന്നു പ്രിയേ....

നീ ഇനി എന്നു വരും?

നിനക്കായ് ഞാൻ കാത്തു നിൽക്കുന്നു പ്രിയേ....

ഇനി നീ എന്നു വരും?

നിൻ പ്രയതമൻ തൻ വേദന നീ അറിയൂ....

പ്രിയേ.... എനി നീ എന്നു വരും?

ഞാൻ നിൻ വരവിനു വേണ്ടി അർത്ഥിക്കുന്നു പ്രിയേ....

ഇനി നീ എന്നു വരും?

പ്രിയേ നിനക്കായ് ഞാൻ കാത്തു നിൽക്കുന്നു

ഇനി നീ എന്നു വരും?

പ്രിയതമൻ തൻ പ്രാർത്ഥനയ്ക്ക് മഴ മറുപടി നൽകി

ഇനിയും ഞാൻ വരും പ്രിയതമാ.....

# ഇന്റർനെറ്റ് എന്ന മഹാമാരിയോട് വിട

ഇന്നത്തെ തലമുറ വായനയുടെ മഹത്വം മനസ്സിലാക്കാതെ ജീവിതം മുന്നോട്ടു തള്ളിനീക്കുകയാണ്. ഇന്നത്തെ യുവതലമുറ മൊബൈൽ ഫോൺ എന്ന കെണിയിൽ പെട്ട് സമയം തള്ളിനീക്കുന്നവരാണ്. മൊബൈൽ ഫോൺ വന്നതോടുകൂടി നമുക്ക് സമയത്തിന്റെ വില തന്നെ അറിയാതെ പോവുകയാണ്. വായന എന്ന സ്വർഗ്ഗലോകത്തിൽ നിന്ന് പകരം ഇന്റർനെറ്റ് എന്ന് നരകലോകത്തിലേക്ക് മാറിപ്പോയ തലമുറയാണ് നമ്മുടേത്.

പണ്ടുകാലത്തുള്ള ജനങ്ങൾ വായനയുടെ മൂല്യം മനസ്സിലാക്കി വളർന്നുവന്നവരാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം പണം ഉപേക്ഷിക്കേണ്ടി വന്നവരും പഠിക്കാൻ അവസരം ലഭിക്കാതെ വന്നവരും വിദ്യ അത് അവർക്ക് കിട്ടാത്തത് കൊണ്ട് തന്നെ അവർ വായന എന്ന മഹാ ലോകത്തെയും മനസ്സിലാക്കാതെ പോയ നമ്മുടെ മുൻതല മുറയും ഉണ്ട്. വായന എന്ന സ്വർഗ്ഗലോകത്തിന്റെ വാതിൽ അവർക്ക് വേണ്ടി എപ്പോഴാണ് തുറക്കുക എന്ന് പ്രതീക്ഷയിൽ ജീവിച്ചവരും നമ്മുടെ ഈ ലോകത്തുണ്ട്. എന്നാൽ വായന എന്ന ദിവ്യലോകത്തിലേക്ക് സ്ഥാനം പിടിച്ചവരും നമ്മുടെ ഈ ലോകത്ത് ഉണ്ട്. വായിച്ചു വളർന്നുവന്നവർ.വായന എന്ന ലഹരിക്ക അടിമപ്പെട്ടവർ. വായനയിലൂടെ ലോകത്തിന്റെ പല ഭാഗങ്ങളെയും അവർ അറിഞ്ഞു. വായിച്ചുകൊണ്ട് ലോകത്തെ മനസ്സിലാക്കിയവർ. ഗ്രന്ഥാലയങ്ങളും മറ്റും തങ്ങളുടെ വീട് ആയി കണ്ടു ജീവിച്ചവർ.

എന്താണ് വായന വായനയുടെ മഹത്വം എന്ത്? ഇതെല്ലാം ഇന്നത്തെ തലമുറയിലെ കുട്ടികൾക്ക് വെറും ഉത്തരം ഇല്ലാത്ത ചോദ്യങ്ങളാണ്. അവസരം ലഭിച്ചിട്ടും തങ്ങളുടെ കഴിവുകൾ പ്രയോ പ്രയോജനപ്പെടുത്താതെ ഇന്റർനെറ്റ് എന്ന മഹാമാരിക്ക് അടിമപ്പെട്ടവർ. എന്നാൽ വായനയുടെ മഹാലോകം അറിയാതെ പോയവർക്ക് എന്താണ് വായന എന്നതും അതിന്റെ പ്രാധാന്യം എന്ത് എന്നതും വെറും ഉത്തരമില്ലാതെ ചോദ്യങ്ങൾ അല്ല. അവരുടെ ജീവിതത്തിലെ കഷ്ടതകൾ കൊണ്ട് അവർക്ക് ലഭിക്കാതെ പോയതാണ്. അതുകൊണ്ട് അവർക്ക് അത് അവരുടെ ജീവിതയാതനകളുടെ തെളിവ് കൂടിയാണ്. അവർക്ക് ലഭിക്കാതെ പോയ അവസരങ്ങളെ കുറിച്ച് അവർ ബോധവാന്മാരാകുന്നു. വായനയുടെ ദിവ്യ ലോകത്തിലേക്ക് അവസരം ലഭിക്കാതെ പോയവർ എന്നാൽ വായനയുടെ മഹത്വം എന്ത് എന്ന് ചോദ്യത്തിന് ഉത്തരം പറയാൻ കഴിയുന്ന ചില മനുഷ്യരും നമ്മുടെ ഈ ലോകത്ത് തന്നെയുണ്ട്. ലഭിച്ച അവസരങ്ങളുടെ വില മനസ്സിലാക്കിയവരും നമ്മുടെ ഈ ലോകത്തുണ്ട്. വായനയെ പ്രണയിച്ചവർ. വായനയിൽ ജീവിതം

സന്തോഷമാക്കിയവരും ഉണ്ട്. അവസരം ലഭിക്കാതെ പോയവരും, അവസരം ഉണ്ടായിട്ടും പ്രയോജനപ്രദം ആക്കാതെ പോയവരും, അവസരം നല്ല രീതിയിൽ ഉപയോഗിച്ചവരും നമ്മുടെ ഈ വായനാ ലോകത്ത് പങ്കാളികളാണ് .

" വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളയും" എന്ന കുഞ്ഞുണ്ണി മാഷ് പറഞ്ഞതിന്റെ ഔചിത്യം നമുക്ക് ഇന്നത്തെ തലമുറയിലെ കുട്ടികളിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. വായന അത് നമ്മുടെ ജീവിതത്തിലെ ഒരു പ്രധാന ഘടകമായി മാറിവരുകയാണ്.ഇന്റർനെറ്റിന്റെ ലോകത്തേക്ക് നമ്മുടെ ഇന്നത്തെ തലമുറ വഴി മാറി പോവുകയാണ്. ഇന്നത്തെ ലോകം ഇന്റർനെറ്റ് എന്ന കെണിയിൽ അകപ്പെട്ടു പോയവരാണ്. ഇന്നത്തെ മനഷ്യർ ഒട്ടുമിക്കവരും സുഖപോഗങ്ങളുടെ പിറകെ പോകുന്നവരാണ്. അത് അവർക്ക് ആപത്താണ് എന്ന് അറിഞ്ഞിട്ടും എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ ലക്ഷ്മണസ്വാന്ത്വനം എന്ന ഭാഗത്ത് എഴുത്തച്ഛൻ ശരിക്കും സുഖഭോഗങ്ങൾക്ക് പിറകെ പോകുന്ന മനഷ്യരെ കുറിച്ച് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നും പ്രസക്തമായി നിൽക്കുന്നു. അതുപോലെ തന്നെ കുഞ്ഞുണ്ണി മാഷിന്റെ വരികളും.

ഇന്നത്തെ തലമുറയുടെ ഈ പോക്ക് അപകടത്തിലേക്കാണ്. കുഞ്ഞുണ്ണി മാഷിന്റെ വാക്കുകൾ പരിഗണിച്ചുകൊണ്ട് നമുക്ക് ഇന്റർനെറ്റ് എന്ന ക്രൂര ലോകത്തെ വിട പറഞ്ഞ വായന എന്ന ദിവ്യലോകത്തിലേക്ക് കാലെടുത്തുവെക്കാം. ഇനിയുള്ള കാലമെങ്കിലും നാം അങ്ങനെ ജീവിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# ഉച്ച മഴ

ഉച്ചമഴ ... മന്ദമീ വിദ്യാലയങ്കണത്തിൽ
ആദ്യമായെത്തും കുഞ്ഞിനെപ്പോൽ
ചിന്നി ചിണുങ്ങി വീഴുന്നിതാ....
മാധുര്യമേറുമെൻ ബാല്യത്തിൻ ഗതകാല സ്മൃതികളിലേക്ക്, ഒരു
മാത്രമനമറിയാതെ പറന്നു പോയ്
അച്ഛന്റെ വിരൽതുമ്പിൽ തൂങ്ങി
ആദ്യമായ്! ആ .. തിരുമുറ്റത്തെത്തിയ ദിനം
പിന്നെ കൂട്ടുകാർക്കൊപ്പം കണ്ണാരം പൊത്തിയും കുട്ടീം കോലും കോട്ടിയും
കക്കും സോഡിയുമെല്ലാം കളിച്ചുല്ലസിച്ചും ചുട്ട പുളിങ്കുരുവും
അരിനെല്ലിക്കയും തിന്നും
മഞ്ചാടിയും കുന്നിക്കുരുവും പങ്കുവെച്ചും
മാനം കാണാതെ പുസ്തകതാളിൽ
ഒളിച്ചു വച്ച മയിൽ പീലി തുണ്ടുകൾ എല്ലാമെല്ലാം എനിക്കേറെ പ്രിയ മാ യി രു ന്നു
ജീവിത യാഥാർത്ഥ്യങ്ങൾ തൻ
കനൽ പോൽ എരിയും വെയിലിൽ
വാടി തളർന്നു പോയൊരെൻ മാനസത്തിൽ ബാല്യത്തിൻ മധുര
സ്മരണകളുണർത്താൻ
നീ ഇന്നും വന്നുവല്ലോ..
'ജാലക പഴുതിലൂടെ നിന്നെ കാണവേ മനമറിയാതെ
കൊതിച്ചു പോയ് 'മഴയായിരുന്നെങ്കിൽ
മനസ്സിൻ ഭാരമെല്ലാം പെയ്തൊഴിഞ്ഞേനേ.......
അകതാരിലുരുണ്ടു നിൽക്കും നോവിൻ ഘന നീരദങ്ങൾ
പെയ്തു തീർക്കുവാനായ് ഒരു നാൾ ഞാനും വരും
ഇതുപോലെ .... ഉച്ച മഴ പോലെ....

# യാത്രാമൊഴി

മകനേ .... ആൽബിൻ  നിന്റെ അകാലവിയോഗം
എനിക്കുൾ കൊള്ളാനേ കഴിയുന്നില്ല
നീ.. ഞങ്ങൾക്കെല്ലം അന്നുമിന്നും എന്നും
എത്രയേറേ പ്രിയങ്കരനായിരുന്നൂ..
നിന്റെ വിനയവും. നിഷ്കളങ്കതയുമെല്ലാം
ഏതു ഹൃദയത്തെയും കീഴടക്കിയിരുന്നൂ ...
അച്ഛനമമ്മയക്കും നീ കൈത്താങ്ങായിരുന്നു.
അധ്യാപകർക്കേവർക്കും പ്രിയ ശിഷ്യനമായിരുന്നൂ ..
നിന്റെ പുഞ്ചിരിയും മധുര ഭാഷണവും
മറക്കുവാൻ കഴിയില്ലൊരിക്കലും.... എളിമയും സ്നേഹവും നിന്റെ
മുഖമുദ്രയായിരുന്നു.
വിധി കവർന്നെടുത്തത് വെറുമൊരു ജീവനെ മാത്രമായിരുന്നില്ലല്ലോ...
ഒരു കുടുംബത്തിൻ ഏക പ്രതീക്ഷയും ഭാവി സ്വപ്നങ്ങളും കൂടിയായിരുന്നു...
രോഗാതുരരായ മാതാപിതാക്കൾക്കു നീ..
അമൃതും ഔഷധവുമായിരുന്നു ...
ഒരു നാടിനെ മുഴുവൻ കണ്ണീരിലാഴ്ത്തി നീ.. വേർപിരിഞ്ഞു പോയി എന്നത്
അവിശ്വസനീയമാണ് എന്നതു പരമാർത്ഥം..
ഭൂമിക്ക് ഭാരമായ എന്നെപ്പോലുള്ള
പാഴ് ജന്മങ്ങളെ അവഗണിച്ച്
എന്തിനു ദൈവമേ...നീ..
അവനെയിപ്പോൾ തിരികെ വിളിച്ചു?
ഞങ്ങൾ പാപികളും അവൻ പുണ്യാത്മാവും ആയതിനാലോ? :-
ആരാലും ഒരു പഴി പോലും കേൾപ്പിക്കാത്ത അവന്റെ മഹത്വം
സ്വർഗ്ഗലോകത്തിലെ മാലാഖമാരെ അസൂയാലുക്കളാക്കിയോ?...
ഉത്തരമില്ലാത്ത സമസ്യയാണത്...
വലിയ വലിയ സ്വപ്നങ്ങളും പ്രതീക്ഷകളും
പാതിവഴിയിലുപേക്ഷിച്ച് നീ.. പോയപ്പോൾ
തകർന്നു പോയത് നിനക്കു പ്രിയപ്പെട്ടവരുടെ മോഹങ്ങളും
സ്വപ്നങ്ങളുമായിരുന്നു..
ചേതനയറ്റ നിന്നെ ഞാൻ കണ്ടില്ല
എനിക്കതിനുള്ള ത്രാണിയില്ലായിരുന്നു..
നിനക്കായ് ഒരു പിടി അശ്രു പുഷ്പങ്ങൾ അർപ്പിക്കുവാനല്ലാതെ മറ്റെന്തു ഞാൻ
നൽകുവാനാണ് കുഞ്ഞേ ....
ഏതൊരു മാതൃ ഹൃദയവും

എന്നും കൊതിക്കുമായിരുന്നു ...നിന്നെപ്പോൽ സ്നേഹ നിധിയായ
ഒരു മകൻ ഉണ്ടായിരുന്നുവെങ്കിൽ എന്ന് ...
ഹൃദയം നുറുങ്ങുന്ന നോവായ് നീ ... ഉള്ളിൽ കിടന്ന് വിങ്ങുമ്പോൾ
ഒരിക്കൽ കൂടി വിളിക്കട്ടെ..ഞാൻ ..
ആൽബീ... പൊന്നു മകനേ.....

# പൊന്നോണം

പൊൻ ചിങ്ങമാസമണഞ്ഞിതവനിയിൽ
പൊന്നോണ നാളുമിങ്ങാഗതമാത്
പുത്തരിയുണ്ണുവാൻ പൂക്കളം തീർക്കുവാൻ
പത്തുനാൾ മുമ്പേ നാമൊത്തിടേണം
പുത്തരികുത്തുവാൻ പുന്നെല്ലിനായി ഞാ-
നിത്തിരി വിത്തു വിതിച്ചില്ല
പുന്നെല്ലു കൊയ്യുവാൻ പാടമില്ല
പൂക്കളിറുക്കുവാൻ മേടുമില്ല.
പാടങ്ങൾ കോൺക്രീറ്റുതൻ നിരയായി
മേടുകൾ ജെ. സി. ബി തന്നിരയായ്
പൂക്കളം തീർക്കുവാനുള്ള മുറ്റത്തിലോ
മുട്ടോളം പ്ലാസ്റ്റിക് കൂടുകളായി
മുറ്റം മെഴുക്കുവാൻ ചാണകമില്ലിന്ന്
പറ്റില്ലയാർക്കുമേ തേച്ചിടാനും
ഊഞ്ഞാലു കെട്ടുവാൻ മാവുമില്ല
ഊഞ്ഞാലിലാടുവാൻ ഉണ്ണിയില്ല
ഉണ്ണികളൊക്കെവേ ടി.വി തൻ മുന്നിലായ്
ഊണുമുറക്കുമൊഴിച്ചിടുന്നു.
മുക്കുറ്റി, മുല്ലയും, ചേമന്തി, മല്ലിയുമൊക്കെയിറക്കുന്നിതന്യദേ
പച്ചരി കുത്തരിയൊക്കെ വേയും
പച്ചക്കറികളും പാലുതാനും
മെച്ചമായൂണു കഴിക്കാനിലകളു-
മന്യദേശത്ത് നിന്നെത്തിടേണം.
ഇൻസ്റ്റന്റ് ഭക്ഷണമുണ്ട് മലയാളി-
ക്കൾസറും ക്യാൻസർ കൊളസ്ട്രോളും
പേര് ചൊല്ലീടുവാനാകാത്തൊരായിരം
വ്യാധികൾ വന്നിങ്ങലട്ടിടുന്നു.
കോടികൾ തന്നുടെ വാർത്തകൾ കേൾപ്പത്
കോടിവസനമല്ലെന്നറിക
മദ്യത്തിനായി മലയാളി തീർത്തിടും
കോടികൾ തന്റെ കഥയത് താൻ
മുത്തശ്ശിക്കഥകൾ പറഞ്ഞിടാനു
മാർത്തുല്ലസിച്ച് കളിച്ചിടാനും
നന്മ നിറഞ്ഞൊരാ പൂർവ്വകാലത്തിലെ
പൊന്നോണമെന്നിനി വന്നണയും.

# യുവത്വം

സ്വരവീചിയാൽ മനം മയക്കും
സ്വപ്ന സുന്ദര ബാല്യം കടന്നു
ഗാത്രം പരിണമിച്ചു പൊട്ടിത്തെറിയുടെ
ഗാഥ കേൾക്കും കൗമാരത്തിലോ..
ചിന്തനസ്ക്കതീതമായ് പ്രവൃത്തിയിൽ,
ചിത്തപുളകിതയാമെന്നിലേക്കായ്..
യൗവ്വനത്തിൻ തിരിനാളം കത്തിടും നേരം,
നേടിയെടുക്കലും വിട്ടുകൊടുക്കലും,
നേടണം പക്വത കൈവരിക്കണം..
ജീവിതനാടക കഥാപാത്രമായ്
ജീവിതമാടിത്തിമർക്കുന്നൂ ചിലർ,
ഉരുകിത്തീരുവാൻ കടലും കടന്നു,
ഉടലുമറന്നവർ പൊരുതുന്നഹോരാത്രം..
ലഹരിയിൽ ചിത്തഭ്രമത്തിലായ്,
ലയിച്ചു ഹോമിക്കുന്നു യൗവ്വനം..
മതഭ്രാന്തിനാലന്ധനായൊരു കൂട്ടർ,
മത മൈത്രിയെ മാറോടു ചേർക്കുന്ന യുവതയും..
ഇനിയും മരിക്കാത്ത മനുഷ്യത്വത്തിന്നുടമകൾ,
ഇരുട്ടുനിറഞ്ഞൊരു ഹൃത്തിൽ പ്രഭ ചൊരിഞ്ഞവർ...
തുടിക്കുന്ന യൗവ്വനം നേരായ വീഥിയിൽ, തുടരുവാനായാൽ സുകൃതമീ ജീവിതം..
മദിക്കുന്ന യുവതയ്ക്ക് പാഠമുൾക്കൊള്ളുവാൻ
മനം പിടയും രോഗങ്ങൾ നേർക്കാഴ്ചയിന്ന്...

# വെളിച്ചം

വിങ്ങിയും തേങ്ങിയും തിങ്ങി നിറഞ്ഞൊരാദ്യ ക്ലാസ്സിൽ
വിറയ്ക്കുന്ന പാദങ്ങൾ പിന്നോട്ടെടുത്തതും
കരയുന്ന കണ്ണുകൾക്കാശ്വാസമേകിയെൻ ടീച്ചറമ്മ
കനിവിൽ അക്ഷരവെളിച്ചം പകർന്നുനൽകി..
ഓർമ്മകൾ ഓളങ്ങളെൻ വിദ്യാലയം
തിരിച്ചുപോക്കില്ലാത്തൊരു ജ്ഞാനാലയം
കരയെ പുൽകുമൊരു കടലിനുള്ളിൽ ഞാനൊരു
കുഞ്ഞു പരൽമീനായി നീന്തിതുടിച്ചതും....
എൻ തൂലികത്തുമ്പിലെ മാന്ത്രികത കണ്ടതും,
എന്നുമക്ഷരങ്ങളെന്നിൽ പ്രണയർദ്രമായതും..
അറിവിൻ വെളിച്ചം ഹരമായ് പാരിലെൻ സൗഹൃദം
അലിഞ്ഞു പുസ്തകത്താളുകൾക്കുള്ളിലെൻ രാവുകൾ
കാലങ്ങൾ സാക്ഷി തമസ്സിനാലന്ധകാരം പൂണ്ട,
കിരാതജന്മങ്ങൾക് തെളിച്ചമാണറിവിൻ വെളിച്ചം

# വായനയുടെ സ്വർഗ്ഗം

വായനാ എന്നത് നമ്മുടെ ജിവിതത്തിന് വേരോടാനുള്ള ഒന്നാണ്. വായാനയാണ് നമ്മുടെ അടിത്തറ.വായിചു ജിവിക്കുന്നവർ വിദ്യാസമ്പന്നരും വിവരമുള്ളവനുമായിരിക്കും നാം വായിക്കുന്ന ഓരോരാ കാര്യങ്ങളിൽ പോലും ജിവിതവിജയം നേടാനുള്ള ഒട്ടനവധി കാര്യങ്ങളുണ്ട്.കവിതകളും കഥകളും,ചെറുകഥകളും നോവലുകളും വായനാക്കാരിൽ ആസ്വാദ്യകരമായിരിക്കുന്നത് വായന ആസ്വാദകരമാവുമ്പോഴാണ്. ഗുണപാഠങ്ങളും സമൂഹത്തിെല നൻമയും തിൻമയും ഒക്കെ നമ്മുക്ക് അറിയാൻ സാധിക്കുന്നു . ഒരു മരത്തിൽ ഇലകൾ ഉള്ളിടേത്താളം കാലം ആ മരത്തിന് ഒന്നും സംഭവിക്കുന്നില്ല. അതെല്ലാം പൊഴിഞ്ഞാൽ ആ മരം ഉണങ്ങി പോവും അത് പോലയാണ് വായനയും. ലോകമെമ്പാടും ഹൃദയവികാരമായ കഥകളും കവിതകളും രചിക്കുന്ന ആൾക്കാർ ഒരുപാട് പുസ്തകങ്ങൾ വായിച്ചിട്ടാണ് ഒരു പുസ്തകംഎഴുതിതയ്യാറാകുന്നത്. എന്നാൽ ഇന്നത്തെ കാലത്ത് വായന മനസുകളിൽ നിന്ന് ക്രമേണ നശിച്ചുപാവുകയാണ്. കാരണം ഇന്ന് മൊബൈൽ ഫോണുകളും വളർന്നുവരുകയാണ്. കവിതകളും കഥകളും വായിച്ചാൽ മാത്രമേ അതിലെ ഭാവങ്ങൾ ഒപ്പിയടുക്കാൻ സാധിക്കൂ നേരെ മറിച്ച് അത് കേട്ട് മനസിലാക്കിയാൽ അത്രയ്ക്ക് അസ്വദേയകരമായി തീരുകയില്ല . രാമായണം കിളിപ്പാട് എന്ന കൃതി ഒരു ജനതയെത്തന്നെ വായനയിലൂടെ പരിവർത്തനം ചെയ്തിട്ടുണ്ട്. അന്നും അവിടെ ഉണ്ടായത് വാനയാണ്. വായിച്ചാൽ കിട്ടുന്ന സുഖം കേട്ടാൽ കിട്ടില്ല.

ജൂലൈ 19 ന് പി.എൻ പണിക്കരുടെ ചരമദിനമാണ് വായനദിനമായി നാം ആചരിക്കുന്നത്. വായന എന്ന മഹത്തായയ കാര്യം എല്ലാവരിലും എത്തിക്കാൻ വേണ്ടിയാണ് വായനദിനം നാം ആചരിക്കുന്നത്. ഇന്നത്തെ പുതുതലമുറ വായനെയ മറന്നിരിക്കുന്നു. ലോകനെമ്പാടുമുള്ള കവികെളല്ലാം ലക്ഷ്യമിടുന്നത് ലോകനൻമയാണ്. ഈ ലോകനന്മ നാം വായനയിലൂടെ തിരിച്ചറിയണം. വായിച്ചു വളരണം പുസ്തകങ്ങൾക്കിടയിൽ ജിവിക്കണം. അതിൽ നിന്ന് കിടുന്ന അറിവിൽ അധിഷ്ഠിതമാവണം നമ്മുടെ ജീവിതം. വായന എന്ന സ്വർഗ്ഗം ഒരിക്കലും സാമുഹ്യ മാധ്യമങ്ങൾ കൈയ്യേറാൻ നാം ഇടയാക്കരുത്.

# വായനയുടെ ലോകം സമൂഹമാധ്യമങ്ങൾ കയ്യേറുമ്പോൾ

ഒരു മനുഷ്യൻ ജീവിതത്തിലെ ഒഴിച്ചുകൂടാതെ ആനൊരു വായന ഓരോ മനുഷ്യന്റെയും ജീവിതത്തിൽ വായന വായിക്കുന്നത് പങ്കുവളരെ വലുതാണ് വിഭാഗം ഉള്ള പ്രവർത്തിക്കാൻ വളരെ വലിയ പങ്കുണ്ട്. കൊണ്ടിരിക്കുമ്പോൾ മാത്രമാണ് ഓരോ ചിന്തകൾ ഉണ്ടാവുന്നത്. വിവേകാന്ദൻ സ്വാമി വിവേകാനന്ദൻ ഉന്നത പോലെ ഓരോരുത്തരും വായിച്ചു വളരുക ചിന്തിച്ച് വേഗം നേടുന്ന ഉള്ള പൗരാരിയായി വളരുക ഞാൻ ഇന്ന് ജീവിക്കുന്ന കായലട്ടങ്ങളിൽ വായന വളരെ ചുരുങ്ങിയിരിക്കുന്നു തലമുറ വായനിൽ നിന്ന് ഇന്ന് പുതിയ ഹൈടെക് സുഖത്തിൽ സത്യപ്പെടുകയാണ്. മനുഷ്യരും വായന വളരെ വലിയ സ്വാധീനം ഉണ്ട്. വായനയുടെ ലോകം സാമൂമാധ്യമങ്ങൾ യാണ്. കുട്ടികളുടെ ലോകം അവരുടെ വിരൽതുമ്പിലെ നിന്നിരിക്കുകയാണ് എങ്കിലും പുസ്തകങ്ങളെ അവർ മറക്കുകയാണ് കുഞ്ഞുണ്ണി മാഷിന്റെ വളരെ പ്രശസ്തമായ വാക്കുകളുടെ നമുക്ക് കുട്ടികളിൽ വായന നഷ്ടപ്പെട്ടാൽ സംഭവിക്കുമെന്ന് വളരെ കൃത്യമായി മനസ്സിലാക്കും

”വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും”

ആ രണ്ടു വരി നമ്മുടെ കുട്ടികൾ തീർച്ചയായും വായിച്ചിട്ട് തന്നെ വളരേണ്ടതാണ് ഇന്ന് കുട്ടികൾ വായനക്കായി സമയം ചിലവഴിക്കുന്നത് കുറവാണ് അവര് പുസ്തകം കൊടുക്കുകയാണ് പുസ്തകങ്ങൾ ഒക്കെ മാത്രം ഒരു തലമുറ ചുരുങ്ങിയിരിക്കുന്നു. ലൈബ്രറിയും ഒക്കെ പഠിപ്പിച്ചിട്ട് കിടക്കണ്ട അവസ്ഥയിലാണ് ഉള്ളിലെ പുസ്തകങ്ങളെല്ലാം മാരിയിൽ നിന്ന് പുറത്ത വരാൻ ലൈബ്രറിയിൽ പോയി ഇരുന്നു മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നവരാണ് അത്രമേലും അവിടെയും ഉള്ള പുസ്തകങ്ങൾ കൂടി അവരുടെ കണ്ണുകളും മനസ്സുകളും ഒന്ന് ഓടിക്കാൻ അവർക്ക് സമയവുമില്ല വായന കുറയാനുള്ള ഇന്നത്തെ കാലത്തെ പ്രധാന കാര്യങ്ങൾ സമാധാനങ്ങളും സമൂഹമാ മതമാണ്. വിട്ടു വരുന്ന കുട്ടികൾ പലരും ആദ്യം വീട്ടിൽ എത്തിയാൽ അന്വേഷിക്കുന്നത് മൊബൈൽ ഫോൺ ആയിരിക്കും

# മറന്നുപോയ സിംഫണി

തിരക്കേറിയ ഒരു നഗരത്തിന്റെ ഹൃദയഭാഗത്ത്, ഹോൺ മുഴക്കലിന്റെയും തിടുക്കപ്പെട്ട കാൽപ്പാടുകളുടെയും ഇടയിൽ, പഴയതും ജീർണിച്ചതുമായ ഒരു തിയേറ്റർ ഉണ്ടായിരുന്നു. ഒരു കാലത്ത് അതിന്റെ മഹത്തായ മുൻഭാഗം ഇപ്പോൾ വിള്ളലുകളാൽ അലങ്കരിച്ചിരിക്കുന്നു, അതിന്റെ മാർക്യൂ അതിന്റെ പഴയ പ്രതാപത്തിന്റെ അവശിഷ്ടങ്ങൾ മുറുകെ പിടിക്കുന്നില്ല. ഉള്ളിൽ, മങ്ങിയ വെളിച്ചമുള്ള ഫോയറിൽ പൊടി നൃത്തം ചെയ്തു, പണ്ടത്തെ ഓർമ്മകളുടെ സുഗന്ധം അന്തരീക്ഷത്തിൽ തങ്ങിനിന്നു.

മറന്നുപോയ ഈ തീയറ്ററിലാണ് അലക്സിയയുടെ കഥ തുടങ്ങിയത്. അവൻ പ്രപഞ്ചം പോലെ വിശാലമായ സ്വപ്നങ്ങളുള്ള ഒരു യുവ സംഗീതജ്ഞനായിരുന്നു, എന്നിട്ടും അവൻ്റെ യാഥാർത്ഥ്യം തൻ്റെ മുത്തശ്ശി സോഫിയയുമായി പങ്കിട്ട ഇടുങ്ങിയ അപ്പാർട്ട് മെന്റിൽ ഒതുങ്ങി. സോഫിയ ഒരു മുൻ പ്രൈമ ബാലെറിനയായിരുന്നു, അവരുടെ വീടിന്റെ പുറംതൊലിയിലെ ചുവരുകൾ അലങ്കരിക്കുന്ന പഴയ ഫോട്ടോഗ്രാഫുകളിൽ അവളുടെ കൃപ അനശ്വരമായി. അവരുടെ തുച്ഛമായ അസ്തിത്വം ഉണ്ടായിരുന്നിട്ടും, അവർ അഭിമുഖീകരിച്ച ഏതൊരു പ്രയാസത്തേക്കാളും തിളങ്ങുന്ന സംഗീതത്തോടുള്ള സ്നേഹം അവൾ അലക്സിയയിൽ പകർന്നു.

അഞ്ചാം വയസ്സ് മുതൽ, അലക്സിയയുടെ വിരലുകൾ അവരുടെ സ്വീകരണമുറിയുടെ ഒരു മൂലയിൽ ഒതുക്കിവെച്ചിരിക്കുന്ന പഴയ പിയാനോയുടെ താക്കോലുകളിൽ നൃത്തം ചെയ്തു. അദ്ദേഹം കളിച്ച ഓരോ കുറിപ്പും അദ്ദേഹത്തിൻ്റെ അഭിലാഷങ്ങളുടെ ഭാരം വഹിച്ചു, ഓരോ ഈണവും അദ്ദേഹത്തിൻ്റെ അചഞ്ചലമായ സമർപ്പണത്തിൻ്റെ തെളിവാണ്. അദ്ദേഹത്തിന്റെ കഴിവുകൾ ഉണ്ടായിരുന്നിട്ടും, അവസരങ്ങൾ വിരളമായിരുന്നു, ലോകം അദ്ദേഹത്തിന്റെ ശബ്ദം മുക്കിക്കളയാൻ ഉദ്ദേശിച്ചതായി തോന്നി.

നിർഭാഗ്യകരമായ ഒരു സായാഹ്നത്തിൽ, അലക്സിയ ജനാലയ്ക്കരികിൽ ഇരിക്കുമ്പോൾ, അവന്റെ നോട്ടം മുകളിലെ നക്ഷത്രങ്ങളിൽ പതിഞ്ഞു, മൃദുവായ ഒരു മെലഡി വായുവിലൂടെ ഒഴുകി. അവന്റെ ക്ഷീണിച്ച ആത്മാവിൽ ജീവൻ ശ്വസിക്കാൻ പ്രപഞ്ചം തന്നെ ഗൂഢാലോചന നടത്തിയതുപോലെ. ശബ്ദം കേട്ട്, അവൻ മറന്നുപോയ തിയേറ്ററിന് മുന്നിൽ നിൽക്കുന്നതായി കണ്ടെത്തി, അതിന്റെ വാതിലുകൾ പ്രതീക്ഷയുടെ വാഗ്ദാനങ്ങളാൽ അവനെ വിളിച്ചു.

വിറയ്ക്കുന്ന കൈകളോടെ അലക്സിയ വാതിലുകളെ തള്ളി തുറന്ന് ഉള്ളിലെ ഇരുട്ടിലേക്ക് നടന്നു. കാത്തിരിപ്പിനാൽ കനത്തതായിരുന്നു വായു, സാദ്ധ്യതകൾ നിറഞ്ഞ നിശബ്ദത. അവന്റെ കണ്ണുകൾ മങ്ങിയ വെളിച്ചത്തിലേക്ക് പൊരുത്തപ്പെടുമ്പോൾ, സ്റ്റേജിൽ ഇരിക്കുന്ന ഒരു രൂപം അവൻ ശ്രദ്ധിച്ചു, ഒരൊറ്റ സ്പോട്ട്ലൈറ്റിന്റെ മൃദുവായ പ്രകാശത്തിൽ കുളിച്ചു.

ആ രൂപം ഒരു വൃദ്ധനായിരുന്നു, അവന്റെ മുഖം ഒരു പുഞ്ചിരിയുടെ മങ്ങിയ സൂചനയാൽ പ്രകാശിച്ചു. അവന്റെ കൈകളിൽ, അവൻ ഒരു വയലിൻ തൊട്ടിലാക്കി, അതിൻ്റെ തന്ത്രികൾ പ്രായത്തിനനുസരിച്ച് ധരിക്കുന്നു, പക്ഷേ അതിന്റെ വർഷങ്ങളെ നിഷേധിക്കുന്ന ചൈതന്യത്തോടെ പാടുന്നു. ഒന്നും പറയാതെ, വൃദ്ധൻ കളിക്കാൻ തുടങ്ങി, ഓരോരുത്തർക്കും ഒരു ബ്രഷ്സ്ട്രോക്ക് വികാരത്തിൻ്റെ ഉജ്ജ്വലമായ ചിത്രീകരണം.

മയങ്ങി, സംഗീതത്തിനൊപ്പം ഹൃദയമിടിപ്പോടെ അലക്സിയ സ്റ്റേജിനടുത്തെത്തി. വിറയലോടെ അയാൾ കൈ നീട്ടി അടുത്തുള്ള ഒരു പിയാനോയുടെ താക്കോലിൽ തൊട്ടു, ഒരു അദൃശ്യ ശക്തിയാൽ നയിക്കപ്പെടുന്നതുപോലെ അവന്റെ വിരലുകൾ നോട്ടുകൾക്കിടയിൽ സ്ഥാനം കണ്ടെത്തി. ഭൂതകാലവും വർത്തമാനവും സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള വിടവ് നികത്തി, കാലത്തിനും സ്ഥലത്തിനും അതീതമായ ഒരു സിംഫണി അവർ ഒരുമിച്ച് നെയ്തു.

അവസാന കുറിപ്പുകൾ തിയേറ്ററിലുടനീളം പ്രതിധ്വനിക്കുമ്പോൾ, വൃദ്ധന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകുന്നത് കണ്ടെത്താൻ അലക്സിയ നോക്കി. ആ നിമിഷത്തിൽ, അവർ സൃഷ്ടിച്ച സംഗീതം കേവലം ഒരു രചന എന്നതിലുപരിയാണെന്ന് അദ്ദേഹം മനസ്സിലാക്കി - അത് ഒരു ലൈഫ്ലൈൻ ആയിരുന്നു, അസ്തിത്വത്തിൻ്റെ വിശാലമായ വിസ്തൃതിയിൽ ഒഴുകുന്ന രണ്ട് ആത്മാക്കളെ ബന്ധിപ്പിക്കുന്ന ഒരു പാലം.

അന്നുമുതൽ, അലക്സിയയും വൃദ്ധനും അഭേദ്യമായിത്തീർന്നു, അവർക്കിടയിൽ നൃത്തം ചെയ്യുന്ന ഈണങ്ങളിൽ അവരുടെ ദിവസങ്ങൾ നഷ്ടപ്പെട്ടു. ഓരോ പ്രദർശനം കഴിയുന്തോറും, മറന്നുപോയ തിയേറ്റർ ഉറക്കത്തിൽ നിന്ന് ഇളകാൻ തുടങ്ങി, അതിൻ്റെ ഹാളുകൾ വീണ്ടും കൈയടികളുടെയും അത്ഭുതത്തിൻ്റെ കുശുകുശുമ്പുകളുടെയും പ്രതിധ്വനികളാൽ നിറഞ്ഞു.

എന്നാൽ ഋതുക്കൾ മാറുകയും വർഷങ്ങൾ കടന്നുപോകുകയും ചെയ്തപ്പോൾ, വൃദ്ധൻ്റെ ആരോഗ്യം മങ്ങാൻ തുടങ്ങി, ഒരിക്കൽ സ്ഥിരതയുള്ള

അവന്റെ കൈകൾ കാലത്തിന്റെ ഭാരം കൊണ്ട് വിറച്ചു. ഒരു നല്ല ശരത്കാല സായാഹ്നത്തിൽ, ഇലകൾ പുറത്തെ കാറ്റിനോട് രഹസ്യങ്ങൾ മന്ത്രിക്കുമ്പോൾ, അവൻ അലക്സിയയെ തന്റെ അരികിലേക്ക് വിളിച്ചു.

കണ്ണീരോടെ, വൃദ്ധൻ തന്റെ പ്രിയപ്പെട്ട വയലിൻ അലക്സിയുടെ കൈകളിൽ നൽകി, ഒരു തലമുറയിൽ നിന്ന് അടുത്ത തലമുറയിലേക്ക് ഒരു ടോർച്ച് കൈമാറി. ആ നിമിഷം, തൻ്റെ വിധി സംഗീതം കളിക്കുക മാത്രമല്ല, തനിക്ക് മുമ്പ് വന്നവരുടെ പൈതൃകം തുടരുകയും കേൾക്കാൻ ധൈര്യപ്പെടുന്ന എല്ലാവരുടെയും ഹൃദയത്തിൽ തങ്ങിനിൽക്കുന്ന മറന്നുപോയ സിംഫണികൾക്ക് ജീവൻ നൽകുകയും ചെയ്യണമെന്ന് അലക്സിയ മനസ്സിലാക്കി.

അങ്ങനെ, വൃദ്ധന്റെ അനുഗ്രഹത്തോടെ, അലക്സിയ ശ്രദ്ധാകേന്ദ്രത്തിലേക്ക് ചുവടുവച്ചു, അവൻ്റെ വിരലുകൾ മറന്നുപോയ തിയേറ്ററിൻ്റെ കഥയിൽ ഒരു പുതിയ അധ്യായം എഴുതാൻ തയ്യാറായി. സംഗീതത്തിൽ, അവൻ തന്റെ ശബ്ദം മാത്രമല്ല, അവന്റെ ഉദ്ദേശ്യവും കണ്ടെത്തി-യുഗങ്ങളിലൂടെ പ്രതിധ്വനിക്കുന്ന ഒരു ഉദ്ദേശ്യം, പ്രതീക്ഷയുടെയും സാധ്യതയുടെയും ഒരു സിംഫണി, മറന്നുപോയ വയലിൻ തന്ത്രികളിൽ പ്ലേ ചെയ്തു.

# ആരറിയുന്നു

ആരറിയുന്നുണ്ട് ആരറിയുന്നുണ്ട്
ഈ ആത്മനിവേദനത്തിൻ ദാഹം
ആദി വേദത്തിൻ രപം......
ആരുമായ് ഞാൻ...... നീ മാത്രം
അനശ്വര സത്യമെന്നറിയുന്ന ഞാൻ
അനശ്വര സത്യമെന്നറിയുന്ന ഞാൻ

എന്റെ ഗുരുവിന്റെ ആരും പറയാത്ത
കാണാത്ത കാഴ്ചകണ്ടു നിന്നു പോയി
അറിവിന്റെ ആദിമദ്ധ്യാന്തമായ്
ആ കുളിർ കാറ്റൊന്നു വീശി
നിന്റെയോമൽ മഹസ്സാം
ആഴിയിലേക്കൊന്നു നോക്കി
നിന്നു പോയ്ഞാൻ....
നിശേഷ്ടയായ് നിന്നുപോയി..

അറിവിന്റെ പൊരുളെന്ന്
അറിയുന്നുഞാൻ...
ആദിമദ്ധ്യാന്ത കല്പം........
ആടിയുലയുന്നു.....
കോടാൻ കോടി ആനന്ദക്കാഴ്ചകൾ

കണ്ടു നിന്നു പോയി
കണ്ടു നിന്നു പോയി

ആരറിയുന്നുണ്ട്.......
എന്റെ ഗുരുവിന്റെ അനുകമ്പയെന്നെന്ന്
അനുഭവിച്ചറിയുന്നു ഞാൻ
ആരുമറിയാത്ത അറിവെന്ന ആനന്ദ
മുദ്രതൻ സീമയിൽ നിന്നു ഞാൻ........

## പ്രകൃതിയുടെ മധുരം (The Sweetness of Nature)

പ്രകൃതിയുടെ മധുരം നിറഞ്ഞ,
പാടിയെന്നും പരിപാടിയെന്നും പറഞ്ഞു,
പുറത്തു വന്ന പക്ഷികൾ ഗാനം പാടി,
മനസ്സിൽ സംഗീതം പ്രകടിപ്പിച്ചു.

### മഴയുടെ രാഗം (The Melody of Rain)

മഴയുടെ രാഗം പുറപ്പെട്ടു,
പുലരികൾ പുഷ്പങ്ങളായി മാറി,
കൂടുതൽ വെള്ളം പിന്നെ സിറിച്ചു,
പ്രകൃതിയുടെ സന്ധ്യാവേല ആർക്കും വേണം മറക്കും.

### കാറ്റിന്റെ സാന്നിദ്ധ്യം (The Presence of Wind)

കാറ്റിന്റെ സാന്നിദ്ധ്യം മനസ്സിൽ നിറഞ്ഞു,
മരങ്ങൾ നാടകീയത കാണിച്ചു,
കുറിച്ചു പറഞ്ഞു പോയി കാറ്റിന്റെ നെഞ്ചത്തിൽ,
പ്രകൃതിയുടെ സൗന്ദര്യം സംഗീതം പറയാം.

### നദിയുടെ നാനാവിഭവം (The Diversity of River)

നദിയുടെ നാനാവിഭവം ചിത്രീകരിച്ചു,
തലയിൽ വന്നുപോയ കലയിലെ നദികൾ,
കിരിയും വലിയവയും എല്ലാം മനോഹരം,
പ്രകൃതിയുടെ സൗന്ദര്യം അന്വേഷിക്കുന്നവർക്ക് ആശ്വാസം.

### മലയുടെ ശ്രീവാസം (The Majesty of Mountains)

മലയുടെ ശ്രീവാസം നിറഞ്ഞു,
നോക്കിയാൽ വളരെ വിസ്മയകരമായി,
പിന്നെയും മുൻപും നാടുകൾ കണ്ടു,
പ്രകൃതിയുടെ ഭവനം അതിന്റെ നിറയിൽ.

## ചിരിക്കുന്ന കുടുംബം (The Smiling Family of Trees)

ചിരിക്കുന്ന കുടുംബം വിളിച്ചു,
മനസ്സിലും ഹൃദയത്തിലും അനുഭവിച്ചു,
പിന്നെയും നന്മയുടെ വികാസത്തിൽ,
പ്രകൃതിയുടെ സൗന്ദര്യം പ്രത്യക്ഷമാകും.

## നിറമുള്ള പാട്ട് (The Song of Colors)


നിറമുള്ള പാട്ട് കേട്ടു,
കാണാം നിറങ്ങളുടെ സംഗതി,
പൂക്കളുടെ ഭവനത്തിൽ കിടക്കും,
പ്രകൃതിയുടെ സന്ധ്യാവേല ആവേശത്തിൽ.

## മണ്ണിന്റെ പ്രവാഹം (The Flow of Soil)

മണ്ണിന്റെ പ്രവാഹം നിറഞ്ഞു,
ജീവിതത്തിന്റെ സ്രോതസ്സായി,
പ്രകൃതിയുടെ കൈകളിൽ തന്നെ,
പ്രകൃതിയുടെ പ്രിയങ്കരമായ മനോഹരം.

# എന്റെ വര




सुबह - सुबह
कितनी ठंड लग रही है
हरा पहाड़ बर्फ से ढका
हुआ है काश...! यह बर्फ
आइसक्रीम होता... वाह!
अम्मा से कब से कह रही हूँ
कि एक आइसक्रीम दिला दे। पैसों
का इंतजाम हो, तब न?
अगर यह बर्फ आइसक्रीम होता तो
मैं दिल भर खा
OPPO F11
2024/02/22 11:00





# സമൂഹമാധ്യമങ്ങളും നമ്മളും

കുട്ടികൾക്കിടയിലും മൊബൈൽ ഫോണുകളും ഇന്റർനെറ്റും നായകരാണ് എന്നാൽ സമൂഹത്തിൽ നവമാധ്യമങ്ങൾ വില്ലരായി മാറിയിരുന്നു. നമ്മുടെ നാട്ടിൽ വർധിച്ചു വരുന്ന മറ്റു പല കാര്യങ്ങൾ ക്കും,ആത്മഹത്യ,കൊലപാതകം,ലഹരി ഉപയോഗം എന്നിവയ്ക്കുമൊക്കെ അടിസ്ഥാനകാരണം സമുഹമാധ്യമങ്ങളാണ്. വായനക്കാരിലൂടെ നമുക്ക് പല പ്രശനങ്ങളിൽ നിന്നും പരിഹാരം ലഭിക്കും. നമ്മുടെ സമൂഹമാധ്യമങ്ങളിലെ പല കാര്യങ്ങളും കണ്ട്,അവ ഉൾക്കൊണ്ട് പ്രചോദനം കൊണ്ട് നേടിയാണ് പലരും പല വൃത്തികെട്ട പ്രവർത്തികളിൽ ഏർപ്പെടുന്നത്.

വളരെ ചെറിയ പ്രായത്തിൽ തന്നെ കുട്ടികൾ സമൂഹമാധ്യമങ്ങളിലും മറ്റും ആകൃഷ്ടരായി അതിൽ അടിമപ്പെട്ടിരിക്കുന്നു. അവർക്ക് എല്ലാം വളരെ പെട്ടെന്ന് തന്നെ മൊബൈൽ ഫോണും മറ്റും വഴി ലഭിക്കുന്നു. ഉദാഹരണത്തിന് ഒരു കുട്ടിക്ക് ഒരു വാക്കിന്റെ അർത്ഥം ലഭിക്കുവാൻ ആദ്യം മൊബൈൽ എടുത്ത് ഗൂഗിളിൽ സെർച്ച് ചെയ്യും. മറിച്ച് നവമാധ്യമങ്ങളുടെ കടന്നുകയറ്റം കുട്ടികളിൽ കുറവാണെൽ തീർച്ചയായും അവൻ ഒരു നിഘണ്ടുവിൽ അന്വേഷിച്ച് ഉത്തരം കണ്ടെത്തുമായിരുന്നു. പലരുടേയും തലച്ചോറ് ഇന്ന് ചുരുങ്ങുകയാണ്,അവർക്ക് അറിവ് ലഭിക്കുന്നില്ല അവർ വായിച്ചാൽ മാത്രമാണ് തലച്ചോർ വികസിക്കുകയുള്ളു.ഒരിക്കലും,സമൂഹമാധ്യമങ്ങൾ നമ്മുടെ കുട്ടികളിൽ ദോഷം മാത്രമല്ല ഉണ്ടാക്കുന്നത് .പലരിലും വളരെ വലിയ അറിവിന്റെ ലോകം അവ തുറന്നിട്ടുണ്ട്. പലർക്കും അവരുടെ ലോകം വീട്ടിലിരുന്നു കൊണ്ടുതന്നെ വായന വഴി വ്യാപിക്കാൻ സാധിച്ചിട്ടുണ്ട് . നാം ജീവിക്കുന്ന ലോകത്ത് മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് നമ്മളും മാറണം ,എിലും വായന നാം ഒരിക്കലും ഒഴിച്ചുകൂടരുത്. ഇപ്പോൾ നമ്മുടെ ഇന്ത്യ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ചന്ദ്രയാൻ-3 സേഫ് ലാന്റ്ചെയ്യാൻ സാധിച്ചു . ലോകത്ത് വച്ച് തന്നെ ഏറ്റവും കൂടുതൽ ആളുകൾ കണ്ട തത്സമയ സംപ്രേഷണമാണ് ചന്ദ്രന്റെ ഉപരിതലത്തിൽ ചന്ദ്രയാൻ-3 ലാന്റ് ചെയ്തത് . നമ്മളിൽ പലർക്കും സാമൂഹ്യമാധ്യമങ്ങൾ വളരെയേറെ ഗുണം പകരുന്ന ഒന്നാണ്.

വായനയുടെ സ്വർഗം തീർച്ചയായും സമൂഹമാധ്യമങ്ങൾ കയ്യേറി ഇരിക്കുന്നു. നമ്മുടെ കുട്ടികൾ ഒരിക്കലും ഒന്നിലും ആകൃഷ്ടരായി അടിമപ്പെട്ട് കഴിയേണ്ടവരല്ല. നമ്മൾ അവരെ വായനയുടെ പുതിയലോകത്തേക്ക് കൈപിടിച്ച് നടത്തണം. പുസ്തകങ്ങളെ അവരുടെ ചങ്ങാതികളാക്കണം ഈഹൈടെക്ക് യുഗത്തിൽ നമുക്കൊരിക്കലും സമൂഹമാധ്യമങ്ങൾ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല. അവയുടെ നല്ലവശങ്ങളും

ദൂഷ്യവശങ്ങളും തിരിച്ചറിഞ്ഞ് നാം അവയെ ഉപയോഗിക്കുക . വായനയെ മരിക്കാൻ അനുവദിക്കാതെ നാം അതിനെ പിൻതുടരുക. പുസ്തകങ്ങളെ ചങ്ങാതിയായി കണ്ട് അവയെ കൂടുതൽ അടുത്തറിയാൻ ശ്രമിക്കുക ഓരോ പുസ്തകങ്ങളെയും വായിച്ച് സമൂഹത്തിൽ നന്മയുള്ളവരായി ഓരോ വായനക്കാരും മാറണം മനുഷ്യമനസുകളുടെ ആഴമളക്കാൻ തീർച്ചയായും തൂലികയ്ക്ക് സാധ്യമാകും . വരും തലമുറയിൽ നിന്ന് കൊണ്ട് പഴയതലമുറയിൽ നിന്ന് ചിന്തിച്ചുകൊണ്ട് സമൂഹമാധ്യമങ്ങളിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവയെ ദുരുപയോഗം ചെയ്യാതെ ഉപയോഗിക്കാൻ ഓരോരുത്തർക്കും സാധിക്കണം. വായനയുടെ സ്വർഗത്തെ നാം വായിച്ചുകൊണ്ട് നശിക്കാതെ സ്വന്തമാക്കണം , സാമൂഹമാധ്യമങ്ങളുടെ ചതിയും ചതിക്കുഴികളും നാം തിരിച്ചറിഞ്ഞ് ഒരുനല്ല വായനക്കാരനായി മാറണം . വായനയുടെ ലോകത്ത് നിന്ന് കൊണ്ട് ഓരോ വ്യക്തികളും നല്ല പൗരനായി സമൂഹത്തിൽ നിലനിൽക്കട്ടെ .

## മഴയുടെ മധുര സുഗന്ധം

മഴ മെല്ലെ പെയ്യുന്നു,
ആകാശത്ത് മഴക്കാലം.
മഞ്ഞയാണ് മഴയുടെ നിറം,
ഒരു മഴ പൂക്കളായി മാറി.

മഴയിൽ നിന്നുള്ള ചെറിയ തുള്ളികൾ,
ദയയുടെ കഥകൾ സംസാരിക്കുക.
മഴയിലെ സന്തോഷത്തിൻ്റെ രാഗം ,
സൗന്ദര്യത്തിന് കണ്ണുകൾ സാക്ഷ്യം വഹിക്കുന്നു.

# വയലുകളിൽ നിന്ന് കുടുംബത്തിലേക്ക്

പണ്ട് ഒരു ഗ്രാമമത്തിൽ ഒരു കർഷകൻ താമസിച്ചിരുന്നു. അനൂപ് എന്നായിരുന്നു അവൻ്റെ പേര്. അദ്ദേഹത്തിന് ഒരു ഡയറി ഫാം ഉണ്ടായിരുന്നു. അവൻ്റെ ബാല്യം വിചിത്രവും ദരിദ്രവുമായിരുന്നു. ഭാര്യയും സഹോദരനും പിതാവും രണ്ടു കുട്ടികളും അടങ്ങുന്നതായിരുന്നു അദ്ദേഹത്തിൻ്റെ കുടുംബം. ബെംഗളൂരുവിൽ എഞ്ചിനീയറായ സഹോദരൻ അനന്ദു ഒരു ബിസിനസ്സ് സ്ത്രീയെയാണ് വിവാഹം കഴിച്ചത്. പഠനത്തിൽ മിടുക്കനായ അനൂപിന് ഒരുപാട് ജോലികൾ കിട്ടി പതിനെട്ടാം വയസ്സിൽ അവസരങ്ങൾ. പ്രകൃതിയെക്കുറിച്ച് പഠിക്കാനും അതിനെ മനോഹരമാക്കാനും താൻ തയ്യാറായിരുന്നുവെന്ന് അനൂപ് കരുതുന്നു. പഠിക്കുന്ന പ്രായത്തിൽ അനൂപിൻ്റെ കുടുംബം ദരിദ്രമായിരുന്നു, അച്ഛന് അപകടത്തിൽ പെട്ടു. ആ അപകടത്തിൽ അവൻ്റെ അമ്മയും മരിച്ചു. അനൂപിൻ്റെ നേതൃത്വത്തിലായിരുന്നു കുടുംബം. ഇപ്പോൾ അവൻ രാത്രിയിൽ ഹോട്ടലിലും പകൽ വയലിലും അച്ഛനെയും സഹോദരനെയും ചികിത്സിക്കുന്നു. സഹോദരനെ പഠിപ്പിക്കാൻ അനൂപ് പഠനം നിർത്തി. ഇപ്പോൾ അവൻ്റെ സഹോദരൻ എഞ്ചിനീയറാണ്, അവൻ്റെ ശമ്പളം പ്രതിമാസം 1 ലക്ഷം. എന്നാൽ ഇക്കാലത്ത് അനന്ദുവിന് അനൂപിനെ ഇഷ്ടമല്ല, കാരണം അവൻ ഒരു കർഷകനാണ്, അനന്ദു ബെംഗളൂരുവിൽ സ്ഥിരതാമസമാക്കുന്നു. ഒരു വർഷത്തിനുശേഷം അനൂപിൻ്റെ മകൻ ജയദേവ് ബെംഗളൂരുവിലേക്ക് താമസം മാറി. അവിടെ വച്ച് അനന്ദുവിനെ കണ്ടു പറഞ്ഞു, "നിങ്ങളുടെ സഹോദരനും ആത്മാവുമായ അനൂപ് 6 മാസം മുമ്പ് മരിച്ചു. നിന്നെ കാണണമെന്നതാണ് അവൻ്റെ അവസാന ആഗ്രഹം. അവൻ നിന്നെ വളരെയധികം സ്നേഹിച്ചു, പക്ഷേ നിന്നെ.... അത് ന്യായമല്ല. ഞങ്ങളുടെ കുടുംബം സ്ഥിരതാമസമാക്കി, ഞാൻ നാട്ടിൽ പോലീസായി ജോലി ചെയ്യുന്നു. അനന്ദുവിന് തൻ്റെ സ്വഭാവം മനസ്സിലായി, അയാൾക്ക് അനൂപിനോട് സഹതാപം തോന്നി. അവൻ സ്വന്തം നാട്ടിലേക്ക് മാറി. അനൂപിൻ്റെ മൂത്തമകനും ഇളയമകനും അനൂപിൻ്റെ ഭാര്യയും അച്ഛനും ഉണ്ടായിരുന്നു. അവൻ സന്തോഷത്തോടെ ജീവിച്ചു.

# ജീവിതത്തിൽ നഷ്ടപ്പെട്ടു

ശിരസ്സു കുനിച്ച്, എപ്പോഴും നെറ്റി ചുളിച്ചുകൊണ്ട് അവൾ നടക്കുന്നു
അവൾക്ക് ആവശ്യമുള്ളിടത്തെല്ലാം അവൾ നടക്കുന്നു
അവൾ ആഗ്രഹിക്കുന്നിടത്ത്
വളഞ്ഞുപുളഞ്ഞ ഇടവഴികളിലൂടെ
വൃത്തിയുള്ള നടപ്പാതകളിലൂടെ
സീബ്രാ ക്രോസിങ്ങിനു കുറുകെ
അവൾ നടക്കുന്നു, അവൾ നടക്കുന്നു,
കാരണം അവൾക്ക് മറ്റെന്താണ് ചെയ്യാൻ കഴിയുക?

അവൾക്ക് മറ്റെന്താണ് ചെയ്യാൻ കഴിയുക?
കാരണം അവൾക്ക് ഒരു ലക്ഷ്യവുമില്ല.
സ്വപ്നങ്ങളില്ല.
ലക്ഷ്യങ്ങളൊന്നുമില്ല.
അവളുടെ പേരിൽ ഒന്നുമില്ല.
അതിനാൽ അവൾക്ക് ചെയ്യാൻ കഴിയുന്നത് നടക്കുക എന്നതാണ്.

ഹൃദയം ഉള്ളിടത്താണ് വീട്.
അപ്പോൾ എന്റെ ഹൃദയം എവിടെയാണ്?
അത് ഒരു ഭൂഖണ്ഡത്തിലോ രാജ്യത്തിലോ ഇല്ല.
കെട്ടിടത്തിലോ പൂന്തോട്ടത്തിലോ ഇല്ല.
അത് ഒരു സംസ്ഥാനത്തിലോ നഗരത്തിലോ ഇല്ല.
അത് എവിടെയും കാണാനില്ല.

മൂടൽമഞ്ഞ് അത് മറയ്ക്കുന്നുണ്ടോ?
വല അതിനെ കുടുക്കുമോ?
അല്ലെങ്കിൽ അത് നിലവിലില്ലേ?
ഇത് എൻ്റെ മതിലോ ലോകമോ?
ഞാൻ എന്നെങ്കിലും എങ്ങനെ അറിയും?

അത് തടയുന്നത് ഞാനാണോ?

ഞാൻ ഒരു രാക്ഷസനാണ് എന്ന് ചിലർ പറയുന്നു,
ഞാൻ അല്ലെന്ന് മറ്റുള്ളവർ പറയുന്നു.
ചിലർ ഞാൻ സ്വാർത്ഥനാണെന്ന് പറയുന്നു,

മറ്റുള്ളവർ ഞാൻ അല്ലെന്ന് പറയുന്നു.

ചിലർ ഞാൻ മധുരമാണെന്ന് പറയുന്നു,
മറ്റുള്ളവർ ഞാൻ അല്ലെന്ന് പറയുന്നു.

ഈ വൈരുദ്ധ്യങ്ങളെല്ലാം
അവ എന്നെ അത്ഭുതപ്പെടുത്തുന്നു.
ഏത് വശമാണ് ശരി, ഏത് വശം തെറ്റ്?
ഞാൻ ആരെയാണ് കേൾക്കുക?
ഞാൻ ആരെയാണ് പിന്തുടരുക?
ആരുടെ നിർമ്മാണമാണ് ഞാൻ എനിക്കായി ഉപയോഗിക്കുന്നത്?
ഞാൻ എന്നെ എങ്ങനെ കാണണം?
എന്താണ് സത്യം?

ഞാനൊരു നല്ല മനുഷ്യനല്ലെന്ന് എനിക്കറിയാം.
പക്ഷെ ഞാനും ഒരു മോശക്കാരനല്ല.